**കേരള സർക്കാർ**

പത്താം ശമ്പള പരിഷ്കരണം - ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്- നഴ്സിംഗ് തസ്തികകളുടെ ശമ്പള സ്കെയിൽ - മറ്റു തസ്തികകളുടെ അലവൻസുകൾ - പരിഷ്കരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (അനോമലി റെക്റ്റിഫിക്കേഷൻ സെൽ) വകുപ്പ്**

സ.ഉ(കൈ)നം.373/2017/(76)/2017/ധന തീയതി, തിരുവനന്തപുരം,, 10.08.2017

---

പരാമർശം : 1. സ.ഉ(പി) 07/2016/ധന തീയതി 20.01.2016

2. 28.12.2016 ലെ ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ ബി2-3734/2016/DIMS നം കത്ത്

3. സ.ഉ(കൈ) നം. 474/2016/(33)/ധന തീയതി 29.11.2016

## ഉത്തരവ്

പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരം 01.07.2014 തീയതി മുതൽ പ്രാബല്യം നൽകി സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളവും അലവൻസുകളും പരിഷ്കരിച്ച് ഉത്തരവായിരുന്നു. ടി ഉത്തരവിൽ ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ സ്റ്റാഫ് നഴ്സ് ഗ്രേഡ് II, ഗ്രേഡ് I, ഹെഡ് നഴ്സ് തസ്തികകൾക്ക് യഥാക്രമം Rs. 26500-56700, 27800-59400, 30700-65400 എന്നീ ശമ്പള സ്കെയിലുകളാണ് അനുവദിച്ചിട്ടുള്ളത്. അതേ സമയം ആരോഗ്യ വകുപ്പിലേയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേയും സമാന തസ്തികകൾക്ക് യഥാക്രമം Rs 27800-59400, 29200-62400, 32300-68700 എന്നീ ശമ്പള സ്കെയിലുകളും അനുവദിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് എന്നിവിടങ്ങളിലെ നഴ്സിംഗ് തസ്തികകളുടെ യോഗ്യത, നിയമന രീതി, ജോലി സ്വഭാവം തുടങ്ങിയവ സമാനമായതിനാൽ പത്താം ശമ്പള പരിഷ്കരണത്തിനു മുൻപു വരെ ഈ മൂന്നു വകുപ്പുകളിലും ടി തസ്തികകൾക്ക് ശമ്പള തുല്യത നിലനിന്നിരുന്നുവെന്ന് ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ സൂചന കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. അതുകൊണ്ട് ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ നഴ്സിംഗ് തസ്തികകളുടെ ശമ്പള സ്കെയിൽ ആരോഗ്യ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പുകളിലേതിനു സമാനമായ നിരക്കിൽ വർദ്ധിപ്പിക്കണമെന്ന് ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

2. പരാമർശം 1 ഉത്തരവിലെ അനുബന്ധം IX (കോംപൻസേറ്ററി അലവൻസ്) പ്രകാരം ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ മെഡിക്കൽ ഓഫീസർമാർക്ക് ESI അലവൻസ് അനുവദിച്ചിട്ടുണ്ട്. എന്നാൽ മേൽ ഉത്തരവിലെ അനുബന്ധം XI പ്രകാരം മെഡിക്കൽ ഓഫീസർമാർക്ക് അനുവദിച്ചിട്ടുള്ള നോൺ പ്രാക്ടീസിംഗ് അലവൻസും ESI

അലവൻസ് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നും, ഒരേ പേരിൽ രണ്ട് വ്യത്യസ്ത അലവൻസുകൾ അനുവദനീയമല്ലാത്തതിനാൽ നോൺ പ്രാക്ടീസിംഗ് അലവൻസ് എന്ന ശീർഷകത്തിനു കീഴിൽ രേഖപ്പെടുത്തിയിട്ടുള്ള 'ESI അലവൻസ്' എന്ന ഉപശീർഷകം ഒഴിവാക്കണമെന്നും ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ ആവശ്യപ്പെടുന്നു. കൂടാതെ പരാമർശം 1 ഉത്തരവിൽ ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ തസ്തികയ്ക്ക് പ്രതിമാസം 350 രൂപ റിസ്ക് അലവൻസ് അനുവദിച്ചിട്ടുണ്ടെങ്കിലും വകുപ്പിലെ ഡോക്ടർമാരുടെ മറ്റൊരു തസ്തികയായ അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ തസ്തികയ്ക്ക് പ്രസ്തുത അലവൻസ് അനുവദിച്ചിട്ടില്ലായെന്ന് ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു. എല്ലാ തസ്തികകളിലും ഉൾപ്പെട്ട ഡോക്ടർമാരുടെ റിസ്ക് സമാനമായതിനാൽ അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ തസ്തികയ്ക്ക് റിസ്ക് അലവൻസ് നിഷേധിക്കുന്നതിന് ന്യായീകരണമില്ലെന്നും അതിനാൽ അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ തസ്തികയ്ക്ക് കൂടി റിസ്ക്അലവൻസ് അനുവദിക്കണമെന്നും ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു. ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിൽ ജൂനിയർ ലാബ് അറ്റൻഡർ തസ്തിക നിലവിലില്ലായെന്നും ജൂനിയർ ലബോറട്ടറി അസിസ്റ്റന്റ് തസ്തികയാണ് നിലവിലുള്ളതെന്നും അതുകൊണ്ട് പരാമർശം 1 ഉത്തരവിലെ റിസ്ക് അലവൻസിന്റെ ഷെഡ്യൂളിൽ ഉൾപ്പെട്ട ജൂനിയർ ലബോറട്ടറി അറ്റൻഡർ തസ്തിക ഒഴിവാക്കി പകരം ജൂനിയർ ലബോറട്ടറി അസിസ്റ്റന്റ് തസ്തിക ചേർക്കണമെന്നും ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ച ശേഷം, താഴെപറയുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു .

(1) ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ സ്റ്റാഫ് നഴ്സ് ഗ്രേഡ് II, സ്റ്റാഫ് നഴ്സ് ഗ്രേഡ് I, ഹെഡ് നഴ്സ് തസ്തികകളുടെ ശമ്പള സ്കെയിലുകൾ Rs. 26500-56700, Rs. 27800-59400, Rs. 30700-65400 ൽ നിന്നും യഥാക്രമം Rs. 27800-59400, Rs. 29200-62400, Rs. 32300- 68700 ആയി പരിഷ്കരിക്കുന്നു. ഇതിന് 01.07.2014 മുതൽ പ്രാബല്യമുണ്ട്.

(2) പരാമർശം 1 ഉത്തരവിലെ പേജ് 83 അനുബന്ധം XI ലെ 'ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ്' എന്ന ശീർഷകത്തിനു താഴെ കാണുന്ന ESI അലവൻസ് എന്ന ഉപശീർഷകം ഒഴിവാക്കുന്നു.

(3) പരാമർശം 1 ഉത്തരവിലെ പേജ് 78 ൽ കാണുന്ന 'ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ' എന്ന തസ്തിക ഒഴിവാക്കി പകരം 'ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ/ അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ' എന്നു ചേർക്കുന്നു. അതു പോലെ പ്രസ്തുത പേജിൽ തന്നെ കാണുന്ന 'ജൂനിയർ ലബോറട്ടറി അറ്റൻഡർ' എന്ന തസ്തിക നീക്കം ചെയ്ത് പകരം 'ജൂനിയർ ലബോറട്ടറി അസിസ്റ്റന്റ്' എന്നു ചേർക്കുന്നു.

4. മേൽ പറഞ്ഞ ഉത്തരവ് ഖണ്ഡിക 3(1) പ്രകാരം ലഭിക്കുന്ന സാമ്പത്തികാനുകൂല്യങ്ങൾ 31.07.2017 വരെ സാങ്കൽപികമായിരിക്കും.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ജി. അശോക് കുമാർ**

ജോയിന്റ് സെക്രട്ടറി(ധനകാര്യം)

പകർപ്പ് :

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ജി&എസ്സ് എസ്സ് എ ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(ഇ&ആർ എസ്സ് എ) കേരള, തിരുവനന്തപുരം
മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ
ഗവൺമെന്റ് സെക്രട്ടറിമാർ, സ്പെഷ്യൽ സെക്രട്ടറിമാർ, അഡീഷണൽ
സെക്രട്ടറിമാർ, ജോയിന്റ് സെക്രട്ടറിമാർ, ഡെപ്യൂട്ടി സെക്രട്ടറിമാർ, അണ്ടർ
സെക്രട്ടറിമാർ, എല്ലാ വകുപ്പ് തലവൻമാർക്കും ഓഫീസുകൾക്കും
ഗവർണ്ണറുടെ സെക്രട്ടറി
ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർ
നോഡൽ ഓഫീസർ, www.finance.kerala.gov.in
വെബ് ആന്റ് ന്യൂ മീഡിയ, വിവരവും പൊതുജന സമ്പർക്കവും വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇ-381503)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

GOVERNMENT OF KERALA
Abstract

Pay Revision 2014 - Insurance Medical Services Department- Scale of pay of Nursing Staff- Allowances of Other Categories- Modified- Orders Issued.

FINANCE (ANOMALY RECTIFICATION CELL)DEPARTMENT

G.O.(Ms)No373/2017/(76)/Fin Dated,Thiruvananthapuram, 10.08.2017

Read :- 1.G.O(P)No.7/2016/Fin dated 20.01.2016.
2. Letter No.B2-3734/2016/DIMS dated 28.12.2016 from the Director, Insurance Medical Services Department, Thiruvananthapuram
3.G.O(Ms)No.474/2016/(33)/Fin dated 29.11.2016.

**ORDER**

As per the Government Order read as 1st above, orders were issued revising pay and allowances of State Government Employees and Teachers w.e.f 01.07.2014, wherein the posts of Staff Nurse Grade II, Grade I and Head Nurse in Insurance Medical Services Department were placed in the scales of pay of Rs.26500-56700, Rs.27800-59400 and Rs.30700-65400 respectively and the equivalent posts in Health Services and Medical Education Departments were placed in the scales of pay of Rs.27800-59400, Rs.29200-62400, Rs.32300-68700. The Director, Insurance Medical Services Department vide his letter read above has reported that prior to the 10th Pay Revision parity in scale of pay was allowed for Nursing Staff in Insurance Medical Services Department with similar categories in Health Services and Medical Education Departments since the qualification, method of appointment, nature of duty etc of nursing staff were the same in these three departments. He has ,therefore, requested to enhance the scale of pay of Nursing Categories in Insurance Medical Services Department at par with Health Services and Medical Education Departments.

2.The Director has reported that ESI allowance has been sanctioned to Medical Officers in Insurance Medical Services Department vide G.O read as 1st above under Annexure IX - 'Compensatory allowance', but under Annexure XI - 'Non Practicing Allowance', wherein the NPA sanctioned to Medical Officers of IMS Department is also noted as 'ESI' allowance. As two separate allowances with the same name is impermissible, the Director has requested to efface the sub heading 'ESI Allowance' under Annexure XI in

the G.O read 1st above. It is also reported that Risk Allowance @ Rs.350 is sanctioned to the post of Insurance Medical Officer in the Insurance Medical Services Department. Since the post of Assistant Insurance Medical Officer is not mentioned therein, the categories of Medical Officers having designation 'Assistant Insurance Medical Officer' are not eligible for Risk allowance now. As the risk factors involved in the job of Insurance Medical Officer and Assistant Insurance Medical Officer are the same, there is no justification to deny Risk allowance to the post of Assistant Insurance Medical Officer. Hence the Director has requested to extend the benefit of Risk allowance to the category of Assistant Insurance Medical Officer too. The Director has also reported that the post of Junior Lab Attender is not existing in the Department; the post existing there is Junior Lab Assistant. Hence he has requested to modify the designation of Junior Lab Attender shown under the schedule of Risk allowance as Junior Lab Assistant.

3.Government have examined the matter in detail and are pleased to issue the following orders :

(1) The scale of pay of the posts of Staff Nurse Gr.II, Gr.I and Head Nurse in Insurance Medical Services Department is modified from Rs.26500-56700, Rs.27800-59400, Rs.30700- 65400 to Rs.27800-59400, Rs.29200-62400, Rs.32300-68700 respectively w.e.f 01.07.2014.

(2) The Sub heading 'ESI Allowance' under the caption Insurance Medical Services Department in Annexure XI shown at Page 83 in the G.O read as 1st above will stand deleted.

(3)The designation 'Insurance Medical Officer' in the schedule of Risk Allowance at page 78 in the G.O read as 1$^{st}$ above will be replaced by 'Insurance Medical Officer/Assistant Insurance Medical Officer' and the designation 'Junior Laboratory Attender' ibid will be substituted with 'Junior Laboratory Assistant'.

4.The arrears of pay arising out of para 3(1) of this order will be notional up to 31.07.2017.

By order of the Governor,
**G.ASOK KUMAR**
**JOINT SECRETARY(FINANCE)**

To

The Principal Accountant General(A&E) Kerala,Thiruvananthapuram
The Principal Accountant General(G&SSA),Kerala,Thiruvananthapuram
The Accountant General (E&RSA), Kerala,Thiruvananthapuram
All Secretaries, Special Secretaries, Additional Secretaries, Joint Secretaries, Deputy Secretaries and Under Secretaries to Government
All Heads of Departments and Offices

The Secretary to Governor
The Private Secretary to the Chief Minister and other Ministers
The Director, Insurance Medical Services Department
The Nodal Officer, www.finance.kerala.gov.in
The Web and New Media, Information and Public Relations Department
Stock file/Office Copy (E.No381503)

Forwarded/By order

Section officer